# A

**17220** **120 MINUTES**

1. കേരളത്തിൽ മണിപ്രവാളത്തിന് തുടക്കംകുറിച്ചതെന്ന് പറയപ്പെടുന്ന വ്യക്തി?
   A) ലീലാതിലകകാരൻ B) അതുലൻ
   C) തോലൻ D) ചന്ദ്രോത്സവകാരൻ

2. 'അഭിനേതാവും ആശാൻകവിതയും' എന്ന ഗ്രന്ഥം രചിച്ചതാര്?
   A) ജയരാജ് B) മുരളി
   C) അടൂർ ഗോപാലകൃഷ്ണൻ D) ലെനിൻ രാജേന്ദ്രൻ

3. 'ബുദ്ധിമറിഞ്ഞാലിങ്ങനെയത്രേ
   ബുദ്ധനുമയ്യോ ദയനീയം' - ഏതു കവിതയിലെ വരികൾ?
   A) ഇടിഞ്ഞുപൊളിഞ്ഞ ലോകം B) ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം
   C) വേനലിൽ ഒരു പുഴ D) പാർക്കിൽ

4. 'പൂന്താനം വിഷാദഭക്തികളുടെ കവി' എന്ന ലേഖനം എഴുതിയതാര്?
   A) പി.വി. വേലായുധൻപിള്ള B) പി. ഗോവിന്ദപ്പിള്ള
   C) സി. അച്യുതമേനോൻ D) ഡോ. സി.കെ. ചന്ദ്രശേഖരൻ നായർ

5. വാല്മീകിരാമായണത്തെയും ചെറിയൊരളവിൽ കമ്പരാമായണത്തെയും ഉപജീവിച്ചു നിർമ്മിച്ച സ്വതന്ത്രമായ സംക്ഷിപ്തവിവർത്തനം എന്ന നില അവകാശപ്പെടാവുന്ന കൃതി ഏത്?
   A) കണ്ണശ്ശരാമായണം B) രാമചരിതം
   C) രാമകഥപ്പാട്ട് D) അദ്ധ്യാത്മരാമായണം

6. 'കപടലോകത്തിലാത്മാർത്ഥമായൊരു
   ഹൃദയമുണ്ടായതാണെൻ പരാജയം' - ഏതു കവിതയിലെ വരിയാണിത്?
   A) ഇരുളിൽ B) രമണൻ
   C) സ്പന്ദിക്കുന്ന അസ്ഥിമാടം D) മണിനാദം

7. 'സർപ്പക്കാട്' എന്ന കവിതയിലൂടെ വൈലോപ്പിള്ളി ആവിഷ്കരിക്കുന്നത്?
   A) ശാസ്ത്രീയവിജ്ഞാനത്തിന്റെ ശക്തി
   B) ഭൗതികവിജ്ഞാനത്തിന്റെ അഭാവം
   C) ആത്മീയജ്ഞാനത്തിന്റെ ശക്തി
   D) തലമുറകളിലൂടെ കൈമാറുന്ന സംസ്കാരം

8. ‘എണ്ണിത്തീർക്കാവതല്ലല്ലൊ
തിര, താരം, മണൽത്തരി’ - കവിയാര്? കവിത ഏത്?

A) ബാലചന്ദ്രൻ ചുള്ളിക്കാട് - മാനസാന്തരം
B) അക്കിത്തം - ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം
C) ചങ്ങമ്പുഴ കൃഷ്ണപിള്ള - പാടുന്ന പിശാച്
D) ജി കുമാരപിള്ള - മുഗ്ദ്ധം

9. ദേവദാസികളെയും ഗണികകളെയും നായികമാരാക്കി സന്ദേശകാവ്യങ്ങൾ രചിക്കുന്നതിനെ ആക്ഷേപിച്ച് എഴുതിയ സന്ദേശകാവ്യം?

A) കാകസന്ദേശം
B) കപോതസന്ദേശം
C) മർക്കടസന്ദേശം
D) ഭൂപസന്ദേശം

10. ‘ഭാഷയിലെ താജ്’ എന്ന് സഞ്ജയൻ വിശേഷിപ്പിച്ച മലയാളകാവ്യം?

A) വീണപൂവ്
B) ഒരുവിലാപം
C) കുടിയൊഴിക്കൽ
D) കണ്ണുനീർത്തുള്ളി

11. ‘ത്രിലോകസഞ്ചാരി’ എന്നറിയപ്പെട്ടിരുന്ന മലയാളസാഹിത്യകാരൻ?

A) എസ്.കെ. പൊറ്റെക്കാട്
B) എം.ടി. വാസുദേവൻനായർ
C) കുഞ്ചൻ നമ്പ്യാർ
D) ഇ.വി. കൃഷ്ണപിള്ള

12. വിലാപകാവ്യത്തിന് എം. എച്ച് അബ്രാംസ് നല്കുന്ന നിർവ്വചനം?

A) വിലാപം മുഖ്യമായ കാവ്യം. വ്യക്തിപരവും വികാരപരതയെക്കാൾ ചിന്താപരത മുന്നിട്ടുനിൽക്കുന്നതുമായ ഒരുവക ഭാവഗീതം.
B) വിലാപമോ, വ്യക്തിപരമായ നഷ്ടത്തിന്റെയോ ദുഃഖത്തിന്റെയോ നേരിട്ടുള്ള പ്രലപനമോ, വിഷയമായ ഒരു ചെറിയ ഭാവഗീതം.
C) വിശിഷ്ടനായ ഒരു വ്യക്തിയുടെ മരണത്തിൽ വിലപിച്ചുകൊണ്ടുള്ള കവിത.
D) വിയോഗം സൃഷ്ടിക്കുന്ന വ്യഥയും വിചിന്തനങ്ങളും കൂടിക്കലർന്ന് കലാപരമായ ആവിഷ്കാരം പ്രാപിക്കുമ്പോഴുണ്ടാകുന്ന കാവ്യം.

13. നാടകീയസ്വഗതാഖ്യാനത്തിന് ഉദാഹരണമായ കൃതികൾ

A) പെരുംതച്ചൻ, മഴുവിന്റെ കഥ
B) വീണപൂവ്, കുരുക്ഷേത്രം
C) വീണപൂവ്, ചിന്താവിഷ്ടയായ സീത
D) കറുത്തചെട്ടിച്ചികൾ, പൂതപ്പാട്ട്

14. എപ്പിഗ്രാമുമായി ബന്ധമില്ലാത്തത് ഏത്?

A) പലപ്പോഴും എപ്പിഗ്രാം അവസാനിക്കുന്നത് വിസ്മയിപ്പിക്കുന്നതോ നർമ്മം കലർന്നതോ ആയ ചിന്തയുടെ പെട്ടെന്നുള്ള ഒരു തിരിവോടുകൂടി ആയിരിക്കുകയില്ല.

B) ശിലാലിഖിതം എന്നർത്ഥമുള്ള ഒരു ഗ്രീക്കുപദത്തിൽനിന്നാണ് 'എപ്പിഗ്രാം' എന്ന സംജ്ഞ ഉണ്ടായിട്ടുള്ളത്.

C) മിനുസപ്പെടുത്തിയതും മൂർച്ചയുള്ളതുമായ ശൈലിയിൽ എഴുതപ്പെടുന്നത്.

D) സ്നേഹത്തെയോ ദുഃഖത്തെയോ ചിന്താനിർഭരമായ പരിഹാസത്തെയോ ശൃംഗാരഭാവത്തെയോ പ്രതിപാദിക്കുന്നതുമായ ഒരു ഭാവഗീതരൂപം.

15. 'ഒന്നായ്‌വരട്ടെ സങ്കല്പം, നിങ്ങൾ-
ക്കൊന്നായ്‌വരട്ടെ മാനസം
ഒന്നായ്‌വരട്ടെ നിങ്ങൾക്കുൾനാമ്പും;
നന്നായ് ഭവാൻമാർ യോജിപ്പിൻ' - ആരുടെ പരിഭാഷ?

A) ആറ്റൂർ രവിവർമ്മ B) വള്ളത്തോൾ
C) അയ്യപ്പപ്പണിക്കർ D) കെ.ജി. ശങ്കരപ്പിള്ള

16. താഴെപ്പറയുന്നവയിൽ ശരിയായത് ഏത്/ഏവ?

i) വേതാളകേളി - നാടകീയസ്വഗതാഖ്യാനം
ii) കചനും ദേവയാനിയും - വിലാപകവിത
iii) വത്സല - ഖണ്ഡകാവ്യം

A) i മാത്രം B) i , iii മാത്രം
C) i , ii, iii D) iii മാത്രം

17. ചേരുംപടി ചേർക്കുക.

a) മാവാരതംപാട്ട് - 1) പുനലൂർ ബാലൻ
b) കാട്ടിലെ പാട്ട് - 2) ഇടശ്ശേരി
c) കോട്ടയിലെ പാട്ട് - 3) ചേലനാട്ട് അച്യുതമേനോൻ
d) തീവണ്ടിയിലെ പാട്ട് - 4) ഉള്ളൂർ
5) എൻ.വി. കൃഷ്ണവാര്യർ

A) a-3, b-4, c-1, d-5 B) a-4, b-5, c-2, d-1
C) a-2, b-3, c-4, d-1 D) a-1, b-5, c-3, d-2

18. താഴെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏത്?

i) കുലപതികൾ എന്ന കൃതിയുടെ രചയിതാവ് - തായാട്ട് ശങ്കരൻ
ii) കുഞ്ചൻനമ്പ്യാർ എന്ന കൃതിയുടെ രചയിതാവ് - ടി. ഭാസ്കരൻ
iii) നർമ്മസല്ലാപം എന്ന കൃതിയുടെ രചയിതാവ് - ഏവൂർ പരമേശ്വരൻ

A) i മാത്രം B) i , ii മാത്രം
C) ii മാത്രം D) iii മാത്രം

19. ചേരുംപടി ചേർക്കുക.

a) സന്താനഗോപാലം - 1) ഉള്ളൂർ
b) ഹൈദർ നായ്ക്കൻ - 2) പി. ശങ്കരൻനമ്പ്യാർ

| | | | | |
|---|---|---|---|---|
| c) | പാലാഴിമഥനം | - | 3) | കെ.എം. പണിക്കർ |
| d) | ശ്രീചിത്രാഭിഷേകം | - | 4) | കരുവേലി ഗൗരിക്കുട്ടിയമ്മ |
| | | | 5) | വാരനാട്ടു കെ.പി. ശാസ്ത്രി |

A) a-4, b-3, c-2, d-5  B) a-3, b-1, c-4, d-5
C) a-2, b-4, c-3, d-1  D) a-1, b-4, c-5, d-3

20. താഴെപ്പറയുന്ന കൃതി - രചയിതാവ് ജോടികളിൽ ശരിയായത് ഏത്/ഏവ?

| | | | |
|---|---|---|---|
| i) | കാലം | - | സുമിത്ര |
| ii) | പാണ്ഡവപുരം | - | ദേവി |
| iii) | ശാരദ | - | രാമൻമേനോൻ |

A) i , ii, iii  B) i , ii മാത്രം
C) ii , iii മാത്രം  D) i , iii മാത്രം

21. ഉള്ളൂരിന്റെ ആത്മകഥയുടെ പേര്?
A) സ്മരണാഞ്ജലി  B) ജീവിതസ്മരണകൾ
C) സ്മരണമാധുരി  D) സ്മരണകിരണങ്ങൾ

22. 2016-ലെ വയലാർ അവാർഡിന് അർഹനായതാര്?
A) കെ.പി. കുമാരൻ  B) യു.കെ കുമാരൻ
C) യു.എ. ഖാദർ  D) യു.എ. കുമാരൻ

23. 'ദൈവനീതിക്ക് ദാക്ഷിണ്യമില്ല' എന്ന ഗ്രന്ഥശീർഷകം ഏതു നോവലിലെ കഥാപാത്രം പറയുന്നതാണ്?
A) മാർത്താണ്ഡവർമ്മ  B) പ്രേമാമൃതം
C) ധർമ്മരാജ  D) രാമരാജബഹദൂർ

24. 'ഗുസ്തി' എന്ന കഥയിലൂടെ കേശവദേവ് അവതരിപ്പിക്കുന്നതെന്ത്?
A) ദാമ്പത്യജീവിതത്തിലെ പൊരുത്തക്കേട്
B) വർഗ്ഗീയലഹളയുടെ അർത്ഥശൂന്യത
C) പട്ടിണിയും ദാരിദ്ര്യവും സൃഷ്ടിക്കുന്ന നൈരാശ്യം
D) സാമൂഹികപ്രശ്നങ്ങളിൽനിന്നുള്ള പലായനം

25. താഴെപ്പറയുന്ന പ്രസ്താവനകളിൽ ഭാഷാകൗടലീയത്തിന് യോജിക്കാത്തത് ഏത്?
A) ചെന്തമിഴിലെ വാക്യഘടനാരീതി
B) താലവ്യാദേശം സംഭവിച്ചുകഴിഞ്ഞ കാലത്തെ ഭാഷ
C) സ്വരസംവരണം സംഭവിച്ച രൂപങ്ങൾ
D) തമിഴ് 'ന്റ' രൂപങ്ങൾ ഉള്ള ഒരു ശാസ്ത്രകൃതിയുടെ മലയാളപരിഭാഷ

26. സ്ത്രീസ്വാതന്ത്ര്യത്തെ ആസ്പദമാക്കി കെ. സുരേന്ദ്രൻ രചിച്ച നോവൽ?
A) കാട്ടുകുരങ്ങ്  B) താളം  C) മായ  D) സീമ

27. 'ആൻഡ്രൂസ് സേവ്യർ' എന്ന കഥാപാത്രം നായകനായി വരുന്ന നോവൽ?
A) ഒറ്റച്ചിലമ്പ്  B) അരൂപിയുടെ മൂന്നാംപ്രാവ്

C) ഉറയൂരുന്ന പകലുകൾ D) ആരണ്യഗീതം

28. ആദ്യകാല മലയാള ചെറുകഥകൾ സാമാന്യേന അവലംബിച്ച ആഖ്യാനതന്ത്രമാണ്?
A) ഉത്തമപുരുഷാഖ്യാനം B) പ്രഥമപുരുഷാഖ്യാനം
C) ബോധധാരാരീതി D) സീമിതസർവ്വജ്ഞവീക്ഷണം

29. ഭയാനകവും സങ്കീർണ്ണവുമായ അനുഭവങ്ങളെ പ്രതിഫലിപ്പിക്കുന്ന 'കുന്തി' എന്ന കഥ എഴുതിയതാര്?
A) സേതു B) കെ.പി. രാമനുണ്ണി
C) പുനത്തിൽ കുഞ്ഞബ്ദുള്ള D) എൻ. പ്രഭാകരൻ

30. ''വാക്കുകൾ കൊണ്ടു നിർമ്മിച്ച ഈ രാത്രിസ്വപ്നം നമ്മെ വൈകാരികമായി വേട്ടയാടുമ്പോൾ എന്തുകൊണ്ടാണ് ഇതിലെ നായകൻ എല്ലാ പടികളിലും പരാജയപ്പെടുന്നതെന്നും, എന്തുകൊണ്ടാണ് എല്ലാം മനുഷ്യന്റെ നിയന്ത്രണത്തിലല്ലാതിരിക്കുന്നതെന്നും വിചാരിച്ചു നാം ആധികൊള്ളുന്നു.'' - ഏതു നോവലിനെപ്പറ്റിയാണ് ഈ പരാമർശം?
A) മരണസർട്ടിഫിക്കറ്റ് B) അടയാളങ്ങൾ
C) തക്ഷൻകുന്ന് സ്വരൂപം D) ഖസാക്കിന്റെ ഇതിഹാസം

31. കുടുംബത്തിൽനിന്നും സമുദായത്തിലേക്കും, അവിടെനിന്ന് സമൂഹത്തിലേക്കും രാഷ്ട്രത്തിലേക്കും വളരുന്ന സ്ത്രീയുടെ ആന്തരികലോകം വരച്ചുകാണിക്കുന്ന കൃതി ഏത്?
A) അഗ്നിസാക്ഷി B) ഞാനെന്നഭാവം
C) കീഴ്ജീവനക്കാരി D) ആലാഹയുടെ പെൺമക്കൾ

32. സമ്പൂർണ്ണ ദലിത് നോവൽ എന്ന വിശേഷണത്തോടെ പ്രസിദ്ധീകരിച്ച കൃതി?
A) ചാവൊലി B) ചോരപരിശം
C) മുക്കണി D) അയ്യങ്കാളിപ്പട

33. തുപ്പൻനമ്പൂതിരി, കൃഷ്ണക്കുറുപ്പ്, കുമാരൻനായർ എന്നീ 'ത്രിമൂർത്തി' നടത്തുന്ന പ്രണയപ്പന്തയങ്ങൾ ആരുടെ കഥകൾക്കാണ് വിഷയമായിട്ടുള്ളത്?
A) ഇ.വി. കൃഷ്ണപിള്ള B) മൂർക്കോത്ത് കുമാരൻ
C) കെ. സുകുമാരൻ D) അമ്പാടി നാരായണ പൊതുവാൾ

34. താഴെപ്പറയുന്ന പ്രസ്താവനകളിൽ വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ കഥകൾക്ക് യോജിക്കാത്തത് ഏത്?
A) കൃത്രിമവും സംസ്കൃത ജടിലവുമായ ഭാഷാശൈലി
B) പ്രസന്നവും സംവൃതവുമായ ഹാസ്യം
C) കഥാപാത്രത്തിനിണങ്ങുന്ന സംഭാഷണം
D) വാമൊഴിയുടെ ചൈതന്യം സ്ഫുരിക്കുന്ന നാടൻശൈലി

35. തപോവനസ്വാമികൾ രചിച്ച യാത്രാവിവരണകൃതി ഏത്?
A) ഹിമഗിരിവിഹാരം B) മനസ്സാസ്മരാമി
C) ഭാരതപരിക്രമണം D) കുടജാദ്രിയുടെ സംഗീതം

36. ''ഞാൻ പ്രാണവായു ഉൾക്കൊള്ളുന്ന അന്തരീക്ഷത്തിലെ നീതികേടു കാണുമ്പോൾ കണ്ണടച്ചുകളയാൻ എന്റെ മനുഷ്യത്വത്തിന് പാണ്ഡിത്യമില്ല.'' - എന്നു പറഞ്ഞതാര്?
A) പി. കേശവദേവ് B) തകഴി
C) പൊൻകുന്നം വർക്കി D) ബഷീർ

37. താഴെപ്പറയുന്നവയിൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി / കൃതികൾ ഏത്/ഏവ?

i) ജനിതകം ii) ആത്മാവിന്റെ നോവുകൾ iii) സ്മാരകശിലകൾ

A) i , iii മാത്രം
B) i , ii, iii
C) ii , iii മാത്രം
D) i മാത്രം

38. ചേരുംപടി ചേർക്കുക.

| | | | | |
|---|---|---|---|---|
| a) | മിസ്റ്റർ കുൽക്കർണി | - | 1) | എം. സുകുമാരൻ |
| b) | ഗരുഡൻതൂക്കം | - | 2) | സേതു |
| c) | ഒന്നും പറയാതെ | - | 3) | വൈശാഖൻ |
| d) | മൂന്നാംലോകത്തെ പക്ഷി | - | 4) | എൻ. മോഹനൻ |
| | | | 5) | നന്തനാർ |

A) a-2, b-3, c-5, d-1
B) a-4, b-2, c-1, d-5
C) a-5, b-3, c-4, d-2
D) a-3, b-1, c-2, d-4

39. അകിര കുറസോവ അവസാനം സംവിധാനം ചെയ്ത ചിത്രമേത്?

A) സെവൻ സമുറായ്
B) ഡ്രീംസ്
C) മഡാഡായോ
D) ഇഡിയറ്റ്

40. താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏത്?

i) 2006-ലെ ഓടക്കുഴൽ അവാർഡ് ലഭിച്ച കൃതി - തീക്കടൽ കടന്ന് തിരുമധുരം

ii) 2012-ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി - ചുവന്ന ചിഹ്നങ്ങൾ

iii) 2014-ലെ മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡ് ലഭിച്ച കൃതി - വെയിൽ തിന്നുന്ന പക്ഷി

A) i , ii, iii
B) ii , iii മാത്രം
C) i മാത്രം
D) i , iii മാത്രം

41. 'ശാകുന്തളം നാടകം' കേരളത്തിന്റെ പല ഭാഗങ്ങളിൽ അവതരിപ്പിച്ച നാടകസംഘം ഏത്?

A) മനോമോഹനം നാടകസംഘം
B) വിനോദചിന്താമണി നാടകസംഘം
C) രസികരഞ്ജിനി നാടകസംഘം
D) കേരളഭൂഭാരനാടകസംഘം

42. 'ശ്ലോകങ്ങളും സാധാരണഗദ്യവും സമാസപ്രചുരങ്ങളായ വാക്യങ്ങളും ഇടകലർത്തി സംസ്കൃതനാടകരീതിയും ഇംഗ്ലീഷുപ്രഹസനരീതിയും യോജിപ്പിച്ചുകൊണ്ടെഴുതിയ പ്രഹസനമാണ്'

A) കുറുപ്പില്ലാക്കളരി
B) കള്ളപ്രമാണം
C) ചന്ദ്രമുഖീവിലാസം
D) രാജാകേശവദാസൻ

43. സ്ത്രീകൾക്കുവേണ്ടി, സ്ത്രീകൾ നിർമ്മിച്ച്, സ്ത്രീകൾ അഭിനയിച്ച ആദ്യ മലയാള നാടകം?

A) സാവിത്രി അഥവാ വിധവാവിവാഹം B) തൊഴിൽകേന്ദ്രത്തിലേക്ക്

C) അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് D) ദേവദൂതി

44. കേരളത്തിന്റെ അർദ്ധക്ലാസിക്കൽ നൃത്തസമ്പ്രദായം അല്ലാത്തത്?

A) പടയണി B) കഥകളി

C) നാടോടിനൃത്തങ്ങൾ D) തുള്ളൽ

45. ചേരുംപടി ചേർക്കുക.

| | | | | |
|---|---|---|---|---|
| a) | മണ്ഡോദരി | - | 1) | കൈനിക്കര പത്മനാഭപിള്ള |
| b) | താടക | - | 2) | മൂർക്കോത്ത് കുമാരൻ |
| c) | കൂനിയുടെ കുസൃതി | - | 3) | കെ.എം. പണിക്കർ |
| d) | മോഹവും മുക്തിയും | - | 4) | വി. കൃഷ്ണൻതമ്പി |
| | | | 5) | കൈനിക്കര കുമാരപിള്ള |

A) a-2, b-3, c-4, d-1 B) a-3, b-4, c-2, d-5

C) a-4, b-2, c-1, d-5 D) a-1, b-5, c-3, d-4

46. 'അരജീവിതങ്ങളുടെ സ്വർഗ്ഗം' എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തത് ആര്?

A) രൂപേഷ്കുമാർ B) അമുതൻ

C) ശ്രീമിത്ത് D) എം.എ. റഹ്മാൻ

47. താഴെപ്പറയുന്ന കൃതി - രചയിതാവ് ജോടികളിൽ ശരിയായത് ഏത്/ഏവ?

| | | | |
|---|---|---|---|
| i) | ശ്രീരാമരാജ പട്ടാഭിഷേകം | - | ഇ.വി. കൃഷ്ണപിള്ള |
| ii) | സീതാനിർവാസം | - | കൈനിക്കര കുമാരപിള്ള |
| iii) | കർണൻ | - | എൻ.പി. ചെല്ലപ്പൻനായർ |
| iv) | കാക്കപ്പൊന്ന് | - | എസ്.എൽ.പുരം |

A) i , ii , iii , iv B) i , iii , iv മാത്രം

C) i , ii , iv മാത്രം D) i , ii മാത്രം

48. കേരളത്തിൽ ആദ്യമായി ഡോക്യുമെന്ററി ചിത്രം നിർമ്മിച്ചതാര്?

A) കുഞ്ചാക്കോ B) പി. സുബ്രഹ്മണ്യം

C) ജെ.സി. ദാനിയേൽ D) എം.എ. റഹ്മാൻ

49. സംശയങ്ങളും നിരാശയും നിഷ്ക്രിയത്വവും പശ്ചാത്താപവും മൂലം പ്രതിസന്ധിയിൽപ്പെട്ടുപോയ ഒരു സമൂഹത്തിന്റെ കഥപറയുന്ന അടൂർചിത്രം?

A) എലിപ്പത്തായം B) അനന്തരം

C) സ്വയംവരം D) മുഖാമുഖം

50. 'ഇന്ത്യ അൺടച്ചബിൾ' എന്ന ഷോർട്ട്ഫിലിം സംവിധാനം ചെയ്തത് ആര്?

A) സ്റ്റാലിൻ B) ഡോ. ബിജു

C) എ.എസ്.അജിത്ത്കുമാർ D) ബാബു കാമ്രത്ത്

51. ചേരുംപടി ചേർക്കുക.

| | | | | |
|---|---|---|---|---|
| a) | കാളിദാസശാകുന്തളം | - | 1) | ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ |
| b) | കേരളീയശാകുന്തളം | - | 2) | വെണ്ണിക്കുളം ഗോപാലക്കുറുപ്പ് |
| c) | കാളിദാസന്റെ കൺമണി | - | 3) | എം.ആർ. വേലുപ്പിള്ള ശാസ്ത്രി |
| d) | ഭാഷാശാകുന്തളം | - | 4) | വെളുത്താട്ടു നാരായണൻ നമ്പൂതിരി |
| | | | 5) | പരമേശ്വരൻനമ്പൂതിരി |

A) a-2, b-3, c-1, d-4
B) a-3, b-2, c-4, d-5
C) a-4, b-1, c-3, d-5
D) a-3, b-4, c-2, d-1

52. ദീനാരം എന്ന പ്രാചീന നാണയത്തെക്കുറിച്ച് സൂചനനൽകുന്ന ശാസനം?
A) പെരുന്നശാസനം
B) അവിട്ടത്തൂർശാസനം
C) കവിയൂർശാസനം
D) വാഴപ്പള്ളിശാസനം

53. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മയുടെ ഭരണപരിഷ്കാരങ്ങളിൽ പെടാത്തതേത്?
A) തിരുവിതാംകൂറിൽ ആദ്യത്തെ പോസ്റ്റാഫീസ് സ്ഥാപിച്ചു
B) തെക്കൻ തിരുവിതാംകൂറിൽ നിലനിന്ന ദേവദാസിസമ്പ്രദായം നിർത്തലാക്കി
C) നവീനരീതിയിലുള്ള ആദ്യത്തെ കയർഫാക്ടറി സ്ഥാപിച്ചു
D) ചാന്നാർസ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു.

54. കേരളത്തിലെ ഫോക്‌ലോറിനെപ്പറ്റി പരാമർശിക്കുന്ന ഗ്രന്ഥം?
A) അഗഡിയമലബാറിക്ക
B) ഗ്രന്ഥോനിക്കം ആൽഫബെറ്റ്
C) ഹോർത്തൂസ് മലബാറിക്കൂസ്
D) തുഹ്ഫത്തുൽ മുജാഹിദ്ദീൻ

55. കേരളവർമ്മ വലിയകോയിത്തമ്പുരാനെ അദ്ധ്യക്ഷനാക്കി പാഠപുസ്തകക്കമ്മിറ്റി രൂപവത്കരിച്ച രാജാവ്?
A) ഉത്രംതിരുനാൾ
B) സ്വാതിതിരുനാൾ
C) ആയില്യം തിരുനാൾ
D) അവിട്ടംതിരുനാൾ

56. നാടകത്തിൽ ഫ്ളാഷ്ബാക്ക് സമ്പ്രദായം പരീക്ഷിച്ച ആദ്യത്തെ നാടകകൃത്ത്?
A) ജി. ശങ്കരപ്പിള്ള
B) കൈനിക്കര കുമാരപിള്ള
C) സി.ജെ. തോമസ്
D) വയലാ വാസുദേവൻപിള്ള

57. ക്യൂ, ബൊക്കെ, റീത്ത്, ഈഡിപ്പസ് എന്നീ വാക്കുകളുടെ ശരിയായ ഇംഗ്ലീഷ് രൂപം ഏത്?
A) Queue, Bouquet, Wreath, Oedipus
B) Queu, Bouque, Reath, Euedipus
C) Quea, Bouquet, Wreeth, Ouedipus
D) Quee, Bouque, Reeth, Ouedipus

58. മേൽക്കോയ്മ (Hegemony) സിദ്ധാന്തം അവതരിപ്പിച്ചതാര്?
A) ഇ.പി. തോംസൺ
B) എഫ്.ആർ. ലെവീസ്
C) അൽത്തൂസർ
D) അന്തോണിയോ ഗ്രാംഷി

59. ജനപ്രിയമാധ്യമങ്ങളെയും സംസ്കാരരൂപങ്ങളെയും ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണങ്ങളായി ചിത്രീകരിക്കുന്നത് ആര്?

A) ഫൂക്കോ
B) സ്റ്റ്യുവർട്ട്ഹാൾ
C) അൽത്തൂസർ
D) റിച്ചാർഡ് ഹൊഗാർട്ട്

60. ചിഹ്നശാസ്ത്രത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച് ജനപ്രിയസംസ്കാരത്തെക്കുറിച്ചു നടത്തിയ ഏറ്റവും ശ്രദ്ധേയമായ പഠനം?

A) ദ പോപ്പുലർ ആർട്ട്സ്
B) മിഥോളജീസ്
C) ദ പ്രിൻസിപ്പിൾസ് ഓഫ് ആർട്ട്
D) കൾച്ചർ ആന്റ് അനാർക്കി

61. ചേരുംപടി ചേർക്കുക.

| | | | | |
|---|---|---|---|---|
| a) | പിറവി | - | 1) | ജയരാജ് |
| b) | കളിയാട്ടം | - | 2) | നഷ്ടപ്പെട്ട നീലാംബരി |
| c) | നിഴൽക്കുത്ത് | - | 3) | ഷാജി എൻ. കരുൺ |
| d) | മഴ | - | 4) | ടി.വി. ചന്ദ്രൻ |
| | | | 5) | അടൂർ ഗോപാലകൃഷ്ണൻ |

A) a-3, b-1, c-5, d-2
B) a-4, b-2, c-5, d-1
C) a-2, b-3, c-4, d-5
D) a-1, b-4, c-2, d-3

62. കേരളത്തിൽ അറിയപ്പെടുന്ന ആദ്യത്തെ ചിത്രകാരിയെന്ന നിലയിൽ ശ്രദ്ധേയയായത്?

A) രുഗ്മിണിവർമ്മ
B) മംഗളാഭായിതമ്പുരാട്ടി
C) ടി.കെ. പത്മിനി
D) ടി.പി. രാധാമണി

63. 'സംസ്കാരവ്യവസായം' എന്ന സംജ്ഞ ആദ്യമായി കടന്നുവരുന്നത് ഏത് കൃതിയിലാണ്?

A) ഡയലക്ടിക് ഓഫ് എൻലൈറ്റൻമെന്റ്
B) ഇക്കോ ഫെമിനിസം
C) കൾച്ചർ ആന്റ് അനാർക്കി
D) റാബ്ലേ ആന്റ് ഹിസ് വേൾഡ്

64. കർഷകത്തൊഴിലാളിസംഘം രൂപീകരിക്കാൻ നേതൃത്വം നൽകിയ സവർണ്ണ നേതാക്കൾ സ്വന്തം വർഗ്ഗതാല്പര്യം സംരക്ഷിക്കാൻ തൊഴിലാളികളെ ഒറ്റികൊടുക്കുന്നതും തൊഴിലാളികൾ നേരിട്ട് സമരം നയിക്കുന്നതുമായ ഇതിവൃത്തമുള്ള കൃതി?

A) ചങ്ങലകൾ നുറുങ്ങുന്നു
B) നനവുള്ള മണ്ണ്
C) കറ്റയും കൊയ്ത്തും
D) മണ്ണിന്റെ മാറിൽ

65. ചേരുംപടി ചേർക്കുക.

| | | | | |
|---|---|---|---|---|
| a) | പറക്കുംകൂത്ത് | - | 1) | പാണന്മാർ |
| b) | കോതാമൂരിയാട്ടം | - | 2) | പെരുവണ്ണാൻ |
| c) | പൊറാട്ട് | - | 3) | അടിയാന്മാർ |
| d) | ഗദ്ദിക | - | 4) | നാഗാനന്ദം |
| | | | 5) | മലയരയന്മാർ |

A) a-4, b-5, c-1, d-3
B) a-3, b-4, c-2, d-5
C) a-2, b-3, c-4, d-1
D) a-1, b-2, c-5, d-3

66. ര, സ, ജ, ജ, ഭ, ര എന്നീ ഗണനിയമങ്ങളോടുകൂടിയ വൃത്തം?

A) മല്ലിക
B) വസന്തമാലിക
C) വസന്തതിലകം
D) ശാർദ്ദൂലവിക്രീഡിതം

67. 'വ്യവഹാരഭാഷയുടെ സംക്രമണംമൂലം രാജഭാഷയായ ചെന്തമിഴിനു കേരളത്തിൽ വന്നു കൂടിയ ശൈഥില്യമാണ് ശാസനങ്ങൾ വ്യക്തമാക്കുന്നത്' - ഇങ്ങനെ അഭിപ്രായപ്പെട്ടതാര്?

A) ഇളംകുളം
B) സി.എൽ. ആന്റണി
C) കുഞ്ചുണ്ണിരാജ
D) ശൂരനാട്ട് കുഞ്ഞൻപിള്ള

68. 'ഓരോ പുസ്തകവും ഓരോ യാത്രയാണ്! ഓരോ ലോകത്തേക്ക് അവ നമ്മെ നയിക്കും' - ഇങ്ങനെ പറഞ്ഞതാര്?

A) ഒ.വി. വിജയൻ
B) എസ്.കെ. പൊറ്റെക്കാട്
C) സാറാജോസഫ്
D) മാധവിക്കുട്ടി

69. കുമാരനാശാന്റെ 'കരുണ' കുചേലവൃത്തത്തിന്റെ അനുകരണമാണെന്ന് വാദിച്ച് വിവാദം സൃഷ്ടിച്ച സാഹിത്യനിരൂപകൻ?

A) സി.പി. അച്യുതമേനോൻ
B) കുട്ടികൃഷ്ണമാരാര്
C) പി.കെ. നാരായണപിള്ള
D) കേസരി എ. ബാലകൃഷ്ണപിള്ള

70. വിമർശനത്തിലെ ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ പ്രധാന വക്താക്കൾ ആര്?

A) അഡോർനോ, വാൾട്ടർ ബെഞ്ചമിൻ
B) ഹെയ്ഡെഗർ, കീർക്ഗാർഡ്
C) സിഡേ ലെവിസ്, ടൊഡറോവ്
D) ജാക്കോബ്സൺ, ചാൾസ് ഹോക്കറ്റ്

71. കാലക്രമം അനുസരിച്ച് ശരിയായത് ഏത്?

A) ചാന്നാർ ലഹള, പട്ടിണിജാഥ, വാഗൺ ട്രാജഡി
B) വാഗൺ ട്രാജഡി, പട്ടിണിജാഥ, ചാന്നാർ ലഹള
C) ചാന്നാർ ലഹള, വാഗൺ ട്രാജഡി, പട്ടിണിജാഥ
D) പട്ടിണിജാഥ, ചാന്നാർ ലഹള, വാഗൺ ട്രാജഡി

72. 'താരുണ്യവേഗത്തിൽ വധൂജനങ്ങൾ
പിന്നിട്ടിടുന്നൂ പുരുഷവ്രജത്തെ
മരം തളിർക്കാൻ തുടരുമ്പൊഴേയ്ക്കു-
മൊപ്പം മുളച്ചീടിന വല്ലി പൂത്തു''
ഈ വരികളുടെ വൃത്തം, അലങ്കാരം ഏത്?

A) ഉപജാതി - ദൃഷ്ടാന്തം
B) വസന്തമാലിക - അർത്ഥാന്തരന്യാസം
C) മല്ലിക - അനന്വയം
D) വസന്തതിലകം - ദൃഷ്ടാന്തം

73. സ്ത്രീവാദചിന്തയും പ്രസ്ഥാനങ്ങളും പരിചയപ്പെടുത്തിയ മലയാളത്തിലെ പ്രഥമ സംരംഭമായ 'സ്ത്രീപഠനങ്ങൾ' എന്ന ഗ്രന്ഥം എഡിറ്റുചെയ്തതാര്?

A) സച്ചിദാനന്ദൻ
B) സാറാ ജോസഫ്
C) ഏ.കെ. രാമകൃഷ്ണൻ
D) ഇന്ദിര

74. ഇടപ്പള്ളിയെ 'റൊമാന്റിക് ഔട്ട്സൈഡർ' എന്നു വിശേഷിപ്പിച്ചതാര്?

A) കേസരി എ. ബാലകൃഷ്ണപിള്ള
B) കെ.പി. അപ്പൻ
C) എം. കൃഷ്ണൻനായർ
D) എം.പി. പോൾ

75. 'കലയുടെ അപമാനവീകരണം' എന്ന ഗ്രന്ഥം രചിച്ചതാര്?

A) ഒർട്ടീഗാഗാസറ്റ്  B) നീത്ഷേ
C) പ്രൂസ്റ്റ്  D) പീറ്റർ ബ്രൂമ്

76. 'കയ്മളശ്ശന്റെ കടശ്ശിക്കൈ'യിന്റെ അനന്തരവനാണ് 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന് അഭിപ്രായമുന്നയിച്ചതാര്?

A) എൻ.എൻ. പിള്ള  B) കാട്ടുമാടം നാരായണൻ
C) സി.ജെ. തോമസ്  D) എൻ. കൃഷ്ണപിള്ള

77. 'ന്യൂനത്വേ അധമം' എന്ന തരം മണിപ്രവാളത്തിൽ ന്യൂനമായിരിക്കുന്നത്?

A) കേരളഭാഷ  B) രസം
C) ഭാഷയും രസവും  D) വിഭക്ത്യന്തസംസ്കൃതം

78. ചേരുംപടി ചേർക്കുക.

| | | | | |
|---|---|---|---|---|
| a) | സിദ്ധാന്തകൗമുദി | - | 1) | സി. കൃഷ്ണൻ |
| b) | കേരളകൗമുദി | - | 2) | സി.പി. അച്യുതമേനോൻ |
| c) | കവനകൗമുദി | - | 3) | കോവുണ്ണി നെടുങ്ങാടി |
| d) | മിതവാദി | - | 4) | ഭട്ടോജി ദീക്ഷിതർ |
| | | | 5) | പന്തളം കേരളവർമ്മ |

A) a-3, b-4, c-2, d-1  B) a-4, b-3, c-5, d-1
C) a-2, b-3, c-4, d-5  D) a-1, b-2, c-3, d-5

79. 'രൂപഭദ്രത' എന്ന ആശയം മുണ്ടശ്ശേരി ഏതുകൃതിയുടെ അവതാരികയിലാണ് അവതരിപ്പിച്ചത്?

A) രണ്ടിടങ്ങഴി  B) ചെമ്മീൻ
C) ഏണിപ്പടികൾ  D) തോട്ടിയുടെ മകൻ

80. 'ആധുനികതയുടെ മധ്യാഹ്നം' - ആരുടെ ഗ്രന്ഥം?

A) കെ.പി. അപ്പൻ  B) തായാട്ട് ശങ്കരൻ
C) നരേന്ദ്രപ്രസാദ്  D) കെ.പി. ശങ്കരൻ

81. 'തർജ്ജമ ഭാര്യയെപ്പോലെയാണ്. സുന്ദരിയെങ്കിൽ അവിശ്വസ്ത. വിശ്വസ്തയെങ്കിൽ വിരൂപ' - ഏത് ഭാഷയിലെ പഴമൊഴിയാണിത്?

A) ഫ്രഞ്ച്  B) റഷ്യൻ
C) ജർമ്മൻ  D) ഗ്രീക്ക്

82. 'ഠരം' എന്ന് പഴയ കാലത്ത് എഴുതിയും അച്ചടിച്ചും വന്നിരുന്നത് ഏത് ആധുനിക ലിപിക്കു പകരമാണ്?

A) ഇ  B) ആ  C) ഈ  D) ഊ

83. തന്മാത്രാ തദ്ധിതത്തിന് ഉദാഹരണം

A) കരയൻ, പുതുമ  B) ഒന്നാമൻ, കരയൻ
C) പുതുമ, വെൺമ  D) വെണ്മ, കരയൻ

84. 'ഭാഷാ ച പ്രായശോ/പാമരജനപ്രസിദ്ധഃ' എന്ന പരാമർശം?

A) സംസ്കൃതഭാഷയെക്കുറിച്ചാണ്　B) നമ്പ്യാന്തമിഴിനെക്കുറിച്ചാണ്

C) പാട്ടിലെ ഭാഷയെക്കുറിച്ചാണ്　D) മണിപ്രവാളത്തിലെ ഭാഷയെക്കുറിച്ചാണ്

85. കൺ + തീതു = കണ്ടീതു, മൺ + തീതു = മണ്ടീതു എന്നാകുന്നത് ഏതു നിയമം അനുസരിച്ചാണ്.

A) അനേഭ്യശ്ച　B) ണസ്തസ്യടഃ

C) നോണഃ　D) തേ/സ്യച

86. താഴെക്കൊടുക്കുന്ന പ്രസ്താവനകളിൽ ശബ്ദതാരാവലിക്കു യോജിക്കാത്തത് ഏത്?

A) പദവിഭാഗം രേഖപ്പെടുത്തിയിട്ടുണ്ട്

B) കടംകൊണ്ട വാക്കുകളുടെ സ്രോതസ്സ് വെളിപ്പെടുത്തിയിട്ടുണ്ട്

C) മുഖ്യലേഖിമത്തിന്റെ ഉച്ചാരണം നല്കിയിട്ടുണ്ട്

D) പദാർത്ഥവിവരണത്തിന് പര്യായങ്ങളും ഉപയോഗിച്ചിട്ടുണ്ട്

87. അര + കല്ല് = അരകല്ല് - ഇവിടെ കകാരം ഇരട്ടിക്കാത്തത് എന്തുകൊണ്ട്?

A) പൂർവ്വപദം ധാതുവായതുകൊണ്ട്

B) പൂർവ്വപദം അലുപ്താഖ്യസമാസമായതിനാൽ

C) ശിഥിലവർണ്ണമായതിനാൽ

D) പൂർവ്വപദം വിശേഷണമായതുകൊണ്ട്

88. 'ധാരണാനിഷ്ഠ മനശ്ശാസ്ത്ര (Cognitive Psychology) ത്തിന്റെ ഒരു ശാഖമാത്രമാണ് ഭാഷാശാസ്ത്രം' - എന്ന് അഭിപ്രായപ്പെട്ടത് ആര്?

A) ഴാക് ദെറിദ　B) സൊസ്യൂർ

C) നോം ചോംസ്കി　D) യാക്കോബ്സൺ

89. ഭാഷാമാത്രകൾക്കും ആശയങ്ങൾക്കും തമ്മിലുള്ള ബന്ധം പഠിക്കുന്ന ഭാഷാശാസ്ത്ര ശാഖയേത്?

A) അർത്ഥവിജ്ഞാനീയം　B) വാക്യവിജ്ഞാനീയം

C) രൂപവിജ്ഞാനീയം　D) ഭാഷാഭേദവിജ്ഞാനീയം

90. ചങ്ങമ്പുഴയുടെ 'രമണ'നിലെ സ്ത്രീനിന്ദയെ തുറന്നു വിമർശിക്കുന്ന കെ. സരസ്വതിയമ്മയുടെ കഥ?

A) ചോലമരങ്ങൾ　B) പെൺബുദ്ധി

C) വേലക്കാരി　D) രമണി

91. മലയാളം തമിഴിന്റെ ഒരു ശാഖയാണെന്ന് ആദ്യമായി അഭിപ്രായപ്പെട്ടത്?

A) കാൽഡ്വൽ　B) എൽ.വി. രാമസ്വാമി അയ്യർ

C) എഫ്. ഡബ്ളിയു. എല്ലിസ്　D) കേരളപാണിനി

92. താഴെകൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

A) മലയാളത്തിലെ ലിംഗഭേദത്തിനടിസ്ഥാനം ലോകപ്രകൃതിയാണ്

B) മലയാളത്തിലെ ലിംഗഭേദം സചേതനാധിഷ്ഠിതമാണ്

C) മലയാളത്തിലെ ലിംഗഭേദം പദരൂപാധിഷ്ഠിതമാണ്

D) മലയാളത്തിൽ ലിംഗഭേദം വ്യാകരണാധിഷ്ഠിതമാണ്

93. കാരികാരൂപത്തിലെഴുതിയ ആദ്യ വ്യാകരണകൃതി ഏത്?
A) കേരളപാണിനീയം B) കേരളകൗമുദി
C) വ്യാകരണമിത്രം D) കേരളഭാഷാവ്യാകരണം

94. നിപാതങ്ങളിൽ ഏറ്റവും മുഖ്യമായിട്ടുള്ളത് ഏത്?
A) ഏ, ആ, ആൻ B) ഉം, ഓ, ഏ
C) ഉം, ആ, ഓ D) ആൻ, ഉം, ഏ

95. താഴെപ്പറയുന്ന പ്രസ്താവങ്ങളിൽ ഭാഷാഭേദങ്ങൾ രൂപപ്പെടുന്നതിനുള്ള കാരണങ്ങളുമായി ബന്ധമില്ലാത്തത്.
A) സാമൂഹികപരിതസ്ഥിതികൾ
B) വർഗ്ഗസങ്കരം
C) മതം, ജോലി, ജാതി മുതലായവയിലുള്ള ഭേദങ്ങൾ
D) പ്രായഭേദം

96. മാടം, മടയൻ എന്നീ വാക്കുകൾ ഏത് അർത്ഥഭേദരീതിക്ക് ഉദാഹരണമാണ്?
A) അർത്ഥസങ്കോചം B) അർത്ഥാപകർഷം
C) അർത്ഥോത്കർഷം D) അർത്ഥാദേശം

97. ചേരുംപടി ചേർക്കുക

| | | | | |
|---|---|---|---|---|
| a) | എൻ.എൻ. കക്കാട് | - | 1) | കവിതയിലെ വഴിത്തിരിവുകൾ |
| b) | അക്കിത്തം | - | 2) | പക്ഷികളുടെ പരിഷത്ത് |
| c) | സച്ചിദാനന്ദൻ | - | 3) | കവിതയിലെ വൃത്തവും ചതുരവും |
| d) | പി. കുഞ്ഞിരാമൻനായർ | - | 4) | കവിതയും പാരമ്പര്യവും |
| | | | 5) | കവിതയും ജനതയും |

A) a-3, b-2, c-4, d-5 B) a-4, b-3, c-5, d-2
C) a-2, b-3, c-5, d-1 D) a-1, b-4, c-2, d-3

98. മലയാളത്തിലെ വർത്തമാനകാല പ്രത്യയത്തിന്റെ ആഗമം കേരളപാണിനിയുടെ പക്ഷത്തിൽ ഏതാണ്?
A) ഇന്റു > ഇന്നു > ഉന്നു B) ഇറ > ഇന്റു > ഇന്നു
C) കിന്റു > ഇന്റു > ഇന്നു > ഉന്നു D) തമിഴിലെ ഇന്റു മലയാളത്തിൽ ഉന്നു ആയി

99. ഒരു നിശ്ചിതകാല ബിന്ദുവിനെ ആസ്പദമാക്കിയുള്ള ഭാഷാപഗ്രഥനരീതി
A) വ്യതിരേകാത്മകം B) ബഹുകാലികം
C) ഏകകാലികം D) താരതമ്യാത്മകം

100. 'രാമചന്ദ്രവിലാസം' മഹാകാവ്യത്തിന് അവതാരിക രചിച്ചതാര്?
A) ഏ.ആർ. രാജരാജവർമ്മ B) കെ.സി. കേശവപിള്ള
C) ഉള്ളൂർ D) കേരളവർമ്മ വലിയകോയിത്തമ്പുരാൻ

101. ചോദ്യോത്തരരൂപത്തിലെഴുതിയ വ്യാകരണഗ്രന്ഥം?
A) കേരളകൗമുദി B) വ്യാകരണമിത്രം
C) മലയാഴ്മയുടെ വ്യാകരണം D) കേരളഭാഷാവ്യാകരണം

102. നിയോക്ലാസിസത്തിന്റെ അടിസ്ഥാനസ്വഭാവത്തിൽ പെടാത്തത് ഏത്?
   A) ജീവിതസങ്കല്പങ്ങളെ പുനഃസൃഷ്ടിക്കാനുള്ള താല്പര്യം
   B) പാരമ്പര്യത്തെ മുറുകെപ്പിടിക്കുന്നു
   C) കാവ്യഭാഷാ-സാധാരണഭാഷ; പ്രകൃതിയെ അനുകരിക്കുന്നില്ല
   D) ഉദ്‌ബോധനവും ആനന്ദവുമാണ് കവിതയുടെ മുഖ്യധർമ്മങ്ങൾ

103. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| a) | എം.കെ. സാനു | - | 1) മരണമില്ലാത്ത വിമർശനം |
| b) | എം. തോമസ് മാത്യു | - | 2) തത്ത്വചിന്താപരമായ വിമർശനം |
| c) | എം. അച്യുതൻ | - | 3) ദന്തഗോപുരത്തിലേയ്ക്ക് വീണ്ടും |
| d) | ആഷാമേനോൻ | - | 4) അസ്തമിക്കാത്ത വെളിച്ചം |
| | | | 5) വിമർശനത്തിലെ പുരുഷശബ്ദം |

   A) a-2, b-3, c-4, d-5   B) a-3, b-4, c-2, d-5
   C) a-4, b-3, c-1, d-2   D) a-4, b-2, c-1, d-3

104. 'തമിഴ്കവിതയിലെ ഒഡീസി' എന്നു വിശേഷിപ്പിക്കുന്ന കൃതി?
   A) മണിമേഖല   B) ചിലപ്പതികാരം
   C) തൊൽക്കാപ്പിയം   D) തിരുക്കുറൾ

105. ചിഹ്നത്തിന്റെ വിഘടിതസ്വഭാവത്തെ 'മാറ്റിവയ്ക്കൽ' (differance) എന്നു വിളിച്ചതാര്?
   A) ഴാക് ലകാൻ   B) ലെവി സ്ട്രാസ്
   C) ഴാക് ദെറിദ   D) പിയറി മഷറെ

106. മണിപ്രവാളത്തിനു നിർവ്വചനം നല്കിയ തമിഴ് വ്യാകരണം
   A) വീരചോഴിയം   B) തൊൽക്കാപ്പിയം
   C) നന്നൂൽ   D) തിരുക്കുറൽ

107. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| a) | ശബ്ദാർത്ഥൗ സഹിതൗ കാവ്യം | - | 1) ദണ്ഡി |
| b) | വാക്യം രസാത്മകം കാവ്യം | - | 2) വാമനൻ |
| c) | ഉചിതാനുചിതവിവേകോവ്യുത്പത്തി | - | 3) വിശ്വനാഥൻ |
| d) | സൗന്ദര്യമലങ്കാരഃ | - | 4) ഭാമഹൻ |
| | | | 5) രാജശേഖരൻ |

   A) a-2, b-3, c-4, d-1   B) a-3, b-2, c-4, d-5
   C) a-5, b-4, c-2, d-3   D) a-4, b-3, c-5, d-2

108. സുഘടിതനാടകങ്ങളുടെ ഉപജ്ഞാതാവ്?
   A) സ്റ്റിൻബർഗ്   B) ഇബ്സൻ
   C) ജ്യേഴ്സ് ഗ്രതോവ്സ്കി   D) യൂജിൻ സ്ക്രൈബ്

109. അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത രണ്ടാമത്തെ ചിത്രം ഏത്?
   A) അനന്തരം   B) എലിപ്പത്തായം

C) കൊടിയേറ്റം D) മുഖാമുഖം

110. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| a) | സംസ്കൃതജന്യവാദം | - | 1) ഇളംകുളം കുഞ്ഞൻപിള്ള |
| b) | സ്വതന്ത്രജന്മവാദം | - | 2) കോവുണ്ണി നെടുങ്ങാടി |
| c) | മിശ്രഭാഷാവാദം | - | 3) സി.എൽ. ആന്റണി |
| d) | പൂർവ്വ തമിഴ്-മലയാളവാദം | - | 4) ആറ്റൂർ കൃഷ്ണപ്പിഷാരടി |
| | | | 5) കെ.എം. പ്രഭാകരവാര്യർ |

A) a-3, b-2, c-4, d-1 B) a-2, b-4, c-1, d-5
C) a-2, b-3, c-5, d-4 D) a-3, b-4, c-2, d-1

111. 'ജെ.ജെ. ചില കുറിപ്പുകൾ' എന്ന തമിഴ്നോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?

A) ജി. കുമാരപിള്ള B) ആർ. നരേന്ദ്രപ്രസാദ്
C) വി.പി. ശിവകുമാർ D) ആറ്റൂർ രവിവർമ്മ

112. 'ലോകത്തിന്റെ മുകൾത്തട്ടിലൂടെ' - എന്ന കൃതി ആരുടേതാണ്?

A) രാജൻ കാക്കനാടൻ B) ജോർജ് വർഗ്ഗീസ്
C) കെ.വി. സുരേന്ദ്രനാഥ് D) എം.പി. വീരേന്ദ്രകുമാർ

113. 'നായയുണ്ട് സൂക്ഷിക്കുക' എന്ന കഥ എഴുതിയതാര്?

A) എം. സുകുമാരൻ B) കെ. സുകുമാരൻ
C) എം.കെ. ചന്ദ്രശേഖരൻ D) എൻ. പ്രഭാകരൻ

114. ''ആരെങ്കിലും കുഴിച്ചിട്ടിരിക്കുന്ന ഒരു നിധി, അല്ലെങ്കിൽ ഒസ്യത്തിൻപ്രകാരം കിട്ടിയ കുറെ സ്വത്ത്, മനസ്സിനൊത്ത ഒരു പെണ്ണ്, ഒഴിഞ്ഞ ദിക്കിലെങ്ങാനും ഒരു ബംഗ്ലാവ് ഇത്രയുമുണ്ടെങ്കിൽ ഈ കഥാകൃത്തിന് എത്ര കഥകൾ വേണമെങ്കിലും വാർത്തെടുക്കാൻ കഴിയും'' - ആരുടെ കഥയെക്കുറിച്ച്? പറയുന്നതാര്?

A) എം.ആർ.കെ.സി - ഗുപ്തൻനായർ
B) മൂർക്കോത്ത് കുമാരൻ - എം.എം. ബഷീർ
C) കെ. സുകുമാരൻ - ഗുപ്തൻനായർ
D) ഇ.വി. കൃഷ്ണപിള്ള- എൻ. കൃഷ്ണപിള്ള

115. പ്രാദേശികത്വം തിരളുന്ന ശൈലി, സ്വപ്നാടന വ്യഗ്രത, അചുംബിതകല്പനകൾ, നർമ്മബോധം എന്നിവകൊണ്ട് നവോത്ഥാനകാഥികരുടെ നിരയിൽ മുൻപന്തിയിൽ നില്ക്കുന്നതാര്?

A) തകഴി B) എസ്.കെ. പൊറ്റെക്കാട്
C) കേശവദേവ് D) ലളിതാംബിക അന്തർജ്ജനം

116. താഴെപ്പറയുന്നവരിൽ മലയാളവ്യാകരണം രചിച്ചിട്ടില്ലാത്തത് ആര്?

A) റോബർട്ട് ഡ്രമണ്ട് B) ബഞ്ചമിൻ ബയ്‌ലി
C) എഫ്. സ്പ്രിംഗ് D) ആർബത്ത് നോട്ട്

117. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| a) | മലയാളം ലെക്സിക്കൺ | - | 1) ബി.സി. ബാലകൃഷ്ണൻ |
| b) | ശബ്ദസാഗരം | - | 2) ആർ. നാരായണപ്പണിക്കർ |
| c) | നവയുഗ ഭാഷാനിഘണ്ടു | - | 3) കേരളസർവ്വകലാശാല |
| d) | കേരള ഭാഷാവിജ്ഞാനീയം | - | 4) സി. മാധവൻപിള്ള |
| | | | 5) കെ. ഗോദവർമ്മ |

A) a-3, b-1, c-2, d-5 B) a-2, b-3, c-4, d-5
C) a-4, b-1, c-3, d-2 D) a-5, b-2, c-3, d-4

118. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| a) | നാമവിശേഷണം | - | 1) വളരെ നല്ല കുട്ടി |
| b) | പ്രാകൃതകക്ഷ്യ | - | 2) സംസ്കൃതം |
| c) | ഭേദകവിശേഷണം | - | 3) കറുത്ത പശു |
| d) | വൈകൃതകക്ഷ്യ | - | 4) ടിബറ്റൻ |
| | | | 5) പശു വേഗത്തിൽ ഓടി |

A) a-2, b-3, c-1, d-5 B) a-3, b-4, c-1, d-2
C) a-3, b-2, c-4, d-1 D) a-5, b-2, c-1, d-3

119. ''ഭോഗങ്ങളെല്ലാംക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ'' - ഏതു കൃതിയിലെ വരികൾ?
A) ജ്ഞാനപ്പാന
B) അദ്ധ്യാത്മരാമായണം - അയോദ്ധ്യാകാണ്ഡം
C) അദ്ധ്യാത്മരാമായണം - ബാലകാണ്ഡം
D) മഹാഭാരതം കിളിപ്പാട്ട് - സ്ത്രീപർവ്വം

120. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| a) | എ. ബാലകൃഷ്ണപിള്ള | - | 1) വിമർശനത്തിന്റെ പുതിയ തലങ്ങൾ |
| b) | കെ.പി. അപ്പൻ | - | 2) ഒരു സിംഹധ്വനി |
| c) | പി.കെ. ബാലകൃഷ്ണൻ | - | 3) വിമർശനത്തിലെ പുരുഷശബ്ദം |
| d) | വി. രാജകൃഷ്ണൻ | - | 4) വിമർശനപ്രപഞ്ചത്തിലെ വെള്ളിനക്ഷത്രം |
| | | | 5) തത്ത്വചിന്താപരമായ വിമർശനം |

A) a-2, b-4, c-3, d-1 B) a-5, b-3, c-2, d-4
C) a-3, b-2, c-1, d-4 D) a-4, b-1, c-2, d-3